**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2589** — **11.10.2011 - ൽ മറുപടിക്ക്**

## പുനലൂർ മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേ

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. രാജു എബ്രഹാം** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) കെ.എസ്.ടി.പി.യുടെ റോഡ് വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പുനലൂർ-മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേയുടെ നിർമ്മാണത്തിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്; എത്ര വർഷം മുൻപ്; ഇതിന് ധന സഹായം ഏത് ഏജൻസിയിൽ നിന്നു എടുക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്; ആകെ എത്ര കിലോമീറ്റർ റോഡാണ് ഈ പദ്ധതിയിലുണ്ടായിരുന്നത്; ഇതിൽ നിർമ്മാണം പൂർത്തിയാക്കിയത് ഏതുഭാഗം; എത്ര കി.മീറ്റർ; ബാക്കി നിർമ്മാണം ആരംഭിക്കാൻ കഴിയാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽപ്പെടുത്തി പുനലൂർ-മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേയുടെ പുനലൂർ മുതൽ തൊടുപുഴവരെയുള്ള റോഡിന് 2010 -ലെ കണക്കനുസരിച്ച് ഏകദേശം 396 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. ലോകബാങ്കിൽ നിന്നാണ് ധനസഹായം എടുക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി 367 കി.മീ. ദൈർഘ്യം വരുന്ന 7 റോഡുകളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. മേൽ റോഡിന്റെ തൊടുപുഴ മുതൽ മൂവാറ്റുപുഴ വരെയുള്ള ഭാഗം 2007-ൽ തന്നെ കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിൽ പ്പെടുത്തി പുനർനിർമ്മാണം പൂർത്തിയാക്കി യിട്ടുണ്ട്. ലോകബാങ്കിൽ നിന്ന് ധന സഹായം ലഭ്യമാകുന്ന മുറയ്ക്ക് പുനലൂർ മുതൽ തൊടുപുഴവരെയുള്ള റോഡ് നിർമ്മാണം ആരംഭിക്കുന്നതാണ്. |